


# കോട്ടയം ചെറിയപള്ളി ഇടവകദിന പ്രസിദ്ധീകരണം

11 ജനുവരി, 1998

(ചെറിയപള്ളി ചരിത്രം ഉൾക്കൊണ്ടത്)

B51c

# ആമുഖം

ഇത് കോട്ടയം ചെറിയപള്ളിയുടെ ചരിത്രത്തിലെ മംഗള മുഹൂർത്തമാണ്. പൗരാണികതയും പരിപാവനതയും കോർത്തിണക്കി സ്വർണ്ണമകുടം ചാർത്തുന്ന ചെറിയ പള്ളിയുടെ പുർവ്വ ചരിത്രം സംഭവബഹുലവും, മലങ്കര സഭയുടെ വളർച്ചയും താഴ്ചയും രേഖപ്പെടുത്തുന്ന ഒരു കുറിമാനവുമാണ്. മലങ്കര സുറിയാനി ക്രിസ്ത്യാനികളെ സന്മാർഗ്ഗ പാതയിലും അടിയുറച്ച ദൈവികവ വിശ്വാസത്തിലും കുടി നയിച്ച ഈ പുണ്യദേവാലയത്തിന്റെ ഇടവകദിനം 1998 ജനുവരി 11ന് ഇടവക ജനങ്ങൾ ഒന്നടങ്കം ഇദാപ്രദമമായി ആഘോഷിക്കുകയാണ്.

ഹൃദയമലരുകൾ വിടർന്ന് ദൈവത്തിന് നന്ദി പറയുന്ന ഈ സുവർണ്ണദിനത്തിൽ നമ്മുടെ പുർവ്വ പിതാക്കന്മാർ കടന്നു വന്ന സുകൃത വഴികളെ നാം മനസ്സിലാക്കുകയും ക്രിസ്തീയതയുടെ കാന്തി ചിന്തുന്ന മഹനീയ പാരമ്പര്യത്തെക്കുറിച്ച് ബോധവാന്മാരാകുകയും ചെയ്യേണ്ടിയിരിക്കുന്നു. ഇതിന്റെ ലക്ഷ്യപ്രാപ്തിക്കായി ഈ ചരിത്ര പ്രസിദ്ധീകരണം ഇടവകദിന പബ്ളിസിറ്റി കമ്മിറ്റിയുടെ അംഗീകാരത്തോടെ ഇടവക ജനങ്ങളുടെയും ഭാവിതലമുറയുടേയും മുമ്പാകെ സമർപ്പിച്ചുകൊള്ളുന്നു. ഇതിലെ പോരായ്മകൾ സദയം ക്ഷമിച്ചും, ചെറിയ പള്ളിയെപ്പറ്റി കൂടുതൽ വിവരങ്ങൾ അറിയാവുന്നവർ അവ ലഭ്യമാക്കിയും സഹായിക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കുന്നു.

ഇടവകദിന പബ്ളിസിറ്റികമ്മിറ്റിക്കുവേണ്ടി
*കൺവീനർ*
*കുരിശുംമൂട്ടിൽ കെ. ജെ. ലൂക്കോസ്.*

*4.1.98*

# കോട്ടയം ചെറിയ പള്ളിയുടെ സംക്ഷിപ്ത ചരിത്രം

## ഭാരതത്തിൽ ക്രിസ്തുമതത്തിൻെറ ആവിർഭാവം

വി. മാർത്തോമ്മാശ്ലീഹാ 52 എ.ഡി.യിൽ ചില കച്ചവടക്കാരോടൊപ്പം കപ്പൽമാർഗ്ഗം കൊടുങ്ങല്ലൂരിൽ വന്നിറങ്ങി. അതിശയങ്ങൾ പ്രവർത്തിച്ചും, രോഗശാന്തി നല്കിയും ക്രിസ്തുമതത്തിൻെറ വിത്തുകൾ നാടിൻെറ നാനാഭാഗത്തും പാകിയ ശേഷം പള്ളികളും കുരിശുകളും വിവിധ സ്ഥലങ്ങളിൽ സ്ഥാപിച്ചു. ക്രിസ്തുമതം സ്വീകരിച്ചവരിൽ ചില ഉന്നതൻമാർക്ക് പൗരോഹിത്യവും നല്കി. 72 എ.ഡിയിൽ ശത്രുക്കളുടെ കുന്തം ഏറ്റ് രക്തസാക്ഷിമരണം പ്രാപിച്ചു.

പിന്നീട് ക്രിസ്തീയ സമൂഹമായി 345 എ.ഡി.യിൽ ക്നായി തോമയും അനുയായികളും വന്നു ചേർന്നു. 400ൽ പരം സ്ത്രീപുരുഷൻമാരും കുട്ടികളും ഉൾപ്പെട്ട 72 കുടുംബങ്ങളും ചില പുരോഹിതൻമാരുമാണ് കൊടുങ്ങല്ലൂരിൽ എത്തിയത്. നൂറ്റാണ്ടുകൾ പിന്നിട്ടപ്പോൾ ഇവരുടെ സംഖ്യ ലക്ഷങ്ങളായിതീർന്നു. ഉപജീവനാർത്ഥം ഇവർ നാടിൻെറ നാനാഭാഗത്തേക്കും കുടിയേറിപാർത്തു. കൃഷിയായിരുന്നു മുഖ്യതൊഴിൽ. നാട്ടുരാജാക്കന്മാർ ഇവർക്കു വേണ്ട പ്രോത്സാഹനങ്ങൾ നല്കിയിരുന്നു. 825 എ.ഡി മുതൽ വിദേശക്രിസ്ത്യാനികളുടെ നിരവധി കുടിയേറ്റങ്ങൾ നടന്നിട്ടുണ്ട്.

*പ്രാചീന കോട്ടയവും നാട്ടുരാജാക്കന്മാരും*

1102 എ. ഡി വരെ തിരുവിതാംകൂറിൻെറ 3 നാടുകളിൽ ഒന്നായ മുഞ്ഞനാടിൻെറ മുഖ്യ തലസ്ഥാനം കോട്ടയം (കോട്ടയ്ക്കകം) ആയിരുന്നു. മുഞ്ഞനാടിൻെറ അതിർത്തികൾ കിഴക്ക് ഇല്ലിക്കൽ കൊടുമുടി, പടിഞ്ഞാറ് വേമ്പനാട്ടു കായൽ, വടക്ക് കാണക്കാരിക്കുന്ന്, തെക്ക് കൈപ്പട്ടൂർ എന്നിവയായിരുന്നു. ഭരണകേന്ദ്രവും, രാജകൊട്ടാരവും ചെറിയ പള്ളിക്ക് സമീപമുള്ള തളിയിൽ കോട്ടയിൽ സ്ഥിതി ചെയ്തിരുന്നു. 13-ാം നൂറ്റാണ്ടിൽ



തെക്കുംകൂർ രാജാവ് യുദ്ധം ചെയ്ത് തളിയിൽ കോട്ട പിടിച്ചെടുത്ത്, മുഞ്ഞനാടിൻെറ ഭരണം കൈക്കലാക്കി.

*പ്രാചീന ദേവാലയങ്ങൾ*

പ്രാചീനകാലത്ത് ഹൈന്ദവക്ഷേത്രങ്ങൾ ധാരാളമുണ്ടായിരുന്നെങ്കിലും കോട്ടയത്ത് ക്രൈസ്തവ ദേവാലയങ്ങൾ ഒന്നും തന്നെയില്ലായിരുന്നു. കോട്ടയത്തിന് ഏറ്റവും അടുത്ത ദേവാലയങ്ങൾ കടുത്തുരുത്തി (കടൽതുരുത്ത്) വലിയപള്ളിയും (സ്ഥാപിതം 500 എ. ഡി.) കുറവിലങ്ങാട് പള്ളിയും (സ്ഥാപിതം 335 എ. ഡി.) മാത്രമായിരുന്നു. ഹാശാ, മാമോദീസാ, വിവാഹം മുതലായ അത്യാവശ്യകാര്യങ്ങൾക്ക് മാത്രമേ കോട്ടയത്തെ ക്രിസ്ത്യാനികൾ അവിടെ സന്ദർശനം നടത്തിയിരുന്നുള്ളൂ. ജലമാർഗ്ഗമുള്ള യാത്ര വളരെ ക്ലേശകരമായിരുന്നു.

ഇന്നാകട്ടെ കോട്ടയം പട്ടണത്തിൽ തന്നെ നമ്മുടേത് ഉൾപ്പെടെ 20 ക്രിസ്തീയ ദേവാലയങ്ങൾ ഉണ്ട്.

## *കോട്ടയം വലിയപള്ളി*

കോട്ടയത്ത് നിലനിന്നിരുന്ന ഈ ശൂന്യാവസ്ഥയിൽ ഉരുവായതാണ്, കോട്ടയത്ത് ഒരു പള്ളിവേണമെന്നുള്ള ക്രിസ്ത്യാനികളുടെ ആഗ്രഹം. വാസ്കോഡിഗാമ കണ്ണൂരിൽ വന്നിറങ്ങിയ 1502 എ. ഡി. മുതലുള്ള ചരിത്ര സംഭവങ്ങൾക്ക് രേഖകളുണ്ടെങ്കിലും, കോട്ടയത്തെ ആദിമ ദേവാലയങ്ങളെപ്പറ്റി ഐതിഹ്യങ്ങളും, കേട്ടുകേൾവികളും പ്രാചീന പാട്ടുകളും മാത്രമേ കൈമുതലായിട്ടുള്ളൂ.

വേലമ്പറമ്പിൽ ഇട്ടിച്ചെറിയയുടെ പക്കൽനിന്നും ലഭിച്ച പ്രാചീന പാട്ടിൻെറ സമാഹരപ്രകാരം, ചെറിയാൻമാത്തു എന്നൊരു പട്ടക്കാരൻെറ നേതൃത്വത്തിൽ കടുത്തുരുത്തിയിൽ നിന്നും ഒരു പററം ക്രിസ്ത്യാനികൾ ജലമാർഗ്ഗം ഇവിടെയെത്തി താഴത്തങ്ങാടി, വല്യങ്ങാടി എന്നിവിടങ്ങളിൽ താമസം തുടങ്ങി. ഇവരും തദ്ദേശ ക്രിസ്ത്യാനികളും ചേർന്ന് തങ്ങൾക്ക് കോട്ടയത്ത് ഒരു പള്ളി വയ്ക്കുവാൻ അനുവാദവും അതിനുള്ള സ്ഥലവും നൽകണമെന്ന് തെക്കുംകൂർ രാജാവിനോട് അപേക്ഷിച്ചു. തൻെറ പ്രജകളുടെ അഭിലാഷം പൂർത്തീകരിക്കുന്നതിനു തിരുമേനിതന്നെ എഴുന്നള്ളി അനുവാദം നൽകുകയും, "തൃക്കൈപത്തൽകുത്തി" പള്ളി

വയ്ക്കുവാൻ ഒരു ഉയർന്ന സ്ഥലം കാണിച്ചു കൊടുക്കുകയും ചെയ്തു. ഇവിടെയാണ്, വി. ദൈവമാതാവിൻെറ നാമത്തിൽ ഒരു വലിയ അറപ്പുരയുടെ മാതൃകയിൽ വലിയ പള്ളി നിർമ്മിച്ചത്. ഇതേപ്പറ്റി പ്രാചീനപാട്ട് ഇപ്രകാരമാണ്.

"മാനമാം കൊല്ലമെഴുന്നൂറ്റിരുപത്തഞ്ചാം മീനമാസത്തിൽ
വച്ചു അറപുതുപ്പറമ്പിൽ വടക്കു ധനുരാശിമേൽ
വച്ചു പള്ളി, മരപ്പണിക്കൊരു ചിന്തരളുമെത്തിരെ,,

ഇതിൻ പ്രകാരം കൊല്ലവർഷം 725 മീനമാസത്തിൽ (1550 എ.ഡി.) പള്ളിനിർമ്മാണം പൂർത്തിയാക്കി കൂദാശ ചെയ്തതായി മനസിലാക്കാം. ആദ്യപള്ളി പനയോല മേഞ്ഞതായിരുന്നു.

## കോട്ടയം ചെറിയപള്ളി

വലിയ പള്ളിയുടെ നിർമ്മാണത്തിനു ശേഷം ഏതാനും വർഷങ്ങൾ പിന്നിട്ടപ്പോൾ വലിയ പള്ളിയുടെ ഇടവക ജനങ്ങൾക്കിടയിൽ ചില ഭിന്നതകൾ രൂപം പ്രാപിച്ചു. ഇവ രൂക്ഷമായപ്പോൾ തെക്കും ഭാഗരെന്നും വടക്കും ഭാഗരെന്നും രണ്ട് കക്ഷികൾ സംജാതമായി. വടക്കും ഭാഗർ മറ്റൊരു പള്ളിവച്ചു മാറിപ്പോകുക മാത്രമേ പരിഹാരമായി കണ്ടുള്ളൂ. ഈ ലക്ഷ്യം നിറവേറ്റുവാൻ അമയന്നൂർകാരൻ ഒരു "ഔസേഫ് കത്തനാർ" അന്നത്തെ പ്രമുഖസമ്പന്ന കുടുംബങ്ങളായ വെള്ളൂർ, പുന്നത്ര, താഴത്ത്, കോണോപ്പാടത്ത്, കൊച്ചേട്ട്, തോട്ടുങ്കൽ, കിഴക്കേറ്റം മുതലായവരുടെ പിന്തുണയോടെ ഒരു പുതിയ പള്ളി പണിയാനുള്ള അനുവാദത്തിനും, അതിനുള്ള സ്ഥലത്തിനുമായി തെക്കും കൂർ രാജാവിനെ സമീപിച്ച്, പണക്കിഴി വച്ച് സങ്കടം ഉണർത്തിച്ചു. അവരുടെ വികാരങ്ങളെ മാനിച്ച് വലിയ പള്ളിയുടെ സമീപം തന്നെ ഒരു ചെറിയ പള്ളി പണിയുവാൻ അനുവാദവും, അതിനാവശ്യമായ സ്ഥലവും (82സെൻറ്) തമ്പുരാൻ കല്പിച്ചു കരമൊഴിവായി നല്കി.

"ഭാഗ്യപതി കോതവർമ്മൻ തിരുമുമ്പിൽ
കണിവച്ചടയാളവും വാങ്ങി
പരദേശി സുറിയായ മാറൌഹം
തന്നോടനുവാദവും കേട്ടു" എന്നാണ് പ്രാചീന പാട്ട്



(മാർഔറഹം ബാബിലോൺകാരനായ അന്നത്തെ സഭാ മേലദ്ധ്യക്ഷനായിരുന്നു.)

തുടർന്ന് ഈ പക്ഷക്കാരുടെ കൂട്ടായ ശ്രമഫലമായി കൊല്ല വർഷം 754 മകരമാസം 6-ാംതീയതി (19-1-1579) പള്ളിയുടെ നിർമ്മാണം പൂർത്തിയാക്കി കൂദാശ ചെയ്തു ആദ്യകുർബാന അർപ്പിച്ചു. വി.കന്യാസ്ത്രീയമ്മയുടെ നാമത്തിലാണ് പള്ളി സ്ഥാപിക്കപ്പെട്ടത്

"കൊല്ലമെഴുനൂറ്റിലമ്പതു നാലായകാലം മകരമൊരാറിൽ
പതിമൂന്നാം വ്യാഴനാൾ ഈ ലോകം പാലിക്കും
കന്നി-കന്നിമറിയം നിലയായി നില്പാൻ പള്ളി
ചമഞ്ഞതിന് കാഴ്ചനാമം നല്ല കോട്ടയകം
നഗരം വേളൂർക്കും തന്നിൽ
നമുക്കിമ്പം ചേരുമ്പോലെ കുരിശുവച്ച് കുർബാന,,
എന്നിങ്ങനെയാണ് പ്രാചീന പാട്ട്.

പലകയിലും കരിങ്കല്ലിലും കൊത്തിയിട്ടുള്ള പ്രാചീനലിപിയിലുള്ള ഓരോ ലിഖിതങ്ങൾ പള്ളിയിലുണ്ട്. പക്ഷെ ഇതിൻെറ പൊരുൾ വായിച്ചെടുക്കാൻ കഴിഞ്ഞിട്ടില്ല.

പള്ളിയുടെ മേൽകൂര വലിയ പള്ളിയുടേതു പോലെ ആദ്യം പനയോല ഉപയോഗിച്ച് മേഞ്ഞതായിരുന്നു. പിന്നീട് കൈപ്പത്തി വലിപ്പത്തിലുള്ള ഓടുകൾ മേഞ്ഞു (ഇത്തരം ഓടുകളുടെ അവശിഷ്ടങ്ങൾ പള്ളിപ്പറമ്പിൽ നിന്നും ലഭിച്ചിട്ടുണ്ട്). തുടർന്ന്, 1865 ന് ശേഷം ഇന്നത്തെ രീതിയിൽ വലിയ ഓടുകൾ മേഞ്ഞതാണ്.

പ്രാചീന ഹിന്ദു മഹാക്ഷേത്രങ്ങളിൽ മാത്രം ദർശിക്കാവുന്ന വാസ്തു വിദ്യയുടെ തെളിവാർന്ന ഒരു പ്രതിഫലനമാണ് ചെറിയപള്ളി. മൂന്നരയടി വീതിയുള്ള ഉയർന്ന ഭിത്തികളിലാണ് പള്ളിയുടെ മേൽകൂര സ്ഥിതിചെയ്യുന്നത്. 9 അടി ഉയരമുള്ള 10 ഒറ്റക്കരിങ്കൽ തൂണുകളിലാണ് നാടകശാലയുടെ മേൽകൂര ഉറപ്പിച്ചിരിക്കുന്നത്. താമരപ്പൂവിൻെറ ആകൃതിയിൽ ഒറ്റക്കല്ലിൽ കൊത്തിയെടുത്ത മാമോദീസാ കല്ല്, തടിയിലും കല്ലിലും അതിവിദഗ്ദമായി സസൂക്ഷ്മം കൊത്തിയെടുത്ത കന്യാസ്ത്രീ അമ്മയുടെയും മാലാഖമാരുടെയും പുണ്യവാളന്മാരുടെയും രൂപങ്ങൾ, ഭിത്തികളിൽ കാണുന്ന സിംഹം,

കുതിര, മയിൽ മുതലായവയുടെ രൂപങ്ങൾ എന്നിവ പഴയ വാസ്തുവിദ്യയുടെ കരുത്തും കരവിരുതും കാന്തിയും പ്രകടിത മാക്കുന്നു. പള്ളിയുടെ കുറുകെ ഇട്ടിരിക്കുന്ന കൊത്തുപണിചെയ്ത ഭീമാകാരങ്ങളായ തുലാങ്ങൾ ക്രെയിൻ ഇല്ലാതിരുന്ന പ്രാചീനകാലത്ത് എങ്ങനെ ഉയരത്തിലുള്ള ഭിത്തികളിൽ പിടിപ്പിച്ചു എന്നുള്ളത് വിസ്മയജനകമാണ്. മദ്ബഹായുടെ ഉൾഭിത്തിയിൽ സന്ധ്യചായ ങ്ങൾ ഉപയോച്ച് വരച്ച മായാത്ത പ്രാചീന ചിത്രങ്ങളും കൗതുക മുണർത്തുന്നവയാണ്. പള്ളിയുടെ തെക്കു വശത്തെ പൂമുഖത്തുള്ള കൊത്തുപണികൾ അതീവ മനോഹരങ്ങളാണ്.

പള്ളിയുടെ 8 1/2 അടി ഉയരമുള്ള കോട്ടമതിലും, കോട്ടവാ തിലുകളും പുരാതന ക്ഷേത്രമതിലുകളുടെ മാതൃകയിൽ നിർമ്മി ച്ചതാണ്. 3 കോട്ടവാതിലുകളിൽ നടയിറങ്ങിയിട്ടുള്ള വടക്കുവശ ത്തേത്, ആളുകളുടെ ശല്യം മൂലം 1960ൽ കെട്ടിയടച്ചു. കോട്ടവാ തിലിൻെറ വടക്കു പടിഞ്ഞാറ് ഭാഗവും വടക്കുകിഴക്കു തൂക്കായ ഭാഗവും 35 വർഷം മുൻപ് ഇടിഞ്ഞുപോയി. ഇതിൽ വടക്കുകിഴക്കു ഭാഗം പുനർനിർമ്മിച്ചു. 1795ൽ പുന്നത്ര മാർദീവന്യാസിയോസിൻെറ പിതാവ് കൊച്ചാക്കോതരകൻെറ മേൽനോട്ടത്തിലാണ് ഈ കോട്ടമ തിലും, കോട്ടവാതിലുകളും നിർമ്മിച്ചത്.

പള്ളിയുടെ മദ്ബഹായിൽ പള്ളിപണിത കാലത്ത് 3 ത്രോണോസുകൾ ഉണ്ടായിരുന്നു. ഇവയിൽ വശങ്ങളിലേത് 1876 ൽ പൊളിച്ചു നീക്കി. ഇപ്പോൾ താഴെക്കാണുന്ന ത്രോണോസുകൾ സമീപകാലത്ത് നിർമ്മിച്ചവയാണ്.

മദ്ബഹായുടെ മുകളിലുണ്ടായിരുന്ന കുരിശ് 1930ൽ ഇടിവെട്ടേറ്റ് നിലംപതിച്ചതായി അറിയാം.

2 1/2 അടി വ്യാസമുള്ള ഭാരമേറിയ പള്ളിമണി, മിശ്രലോഹ നിർമ്മിതമാണ്. ഏതാണ്ട് വലിയപള്ളി മണിയുടെ വലിപ്പത്തിലും ശബ്ദത്തിലും ഉള്ളതാണ്.

*പള്ളിമേട*

ചെറിയ പള്ളിയുടെ നിർമ്മാണവേളയിൽ മദ്ബഹായോടു ചേർന്ന് വടക്കുവശത്ത് ഒരു പഴയ ഇരുനില പള്ളിമുറിയും പണിതിരുന്നു. വടക്കുവശത്തെ വരാന്തക്ക് മുകളിലായി തുടർച്ചയായി



തട്ടുകളും ഉണ്ട്. പള്ളിമുറിയുടെ അകവശഭിത്തികളിൽ കൽ വിളക്കുകൾ കാണാം. പള്ളിമുറിയുടെ തട്ട് കുറെനാൾ മുമ്പ് ജീർണ്ണിച്ചത് നീക്കി പകരം തട്ട് പുതുക്കി പണിയിപ്പിച്ചു.

തെക്കുകിഴക്കായി കാണുന്ന പള്ളിമേട പാശ്ചാത്യ മിഷനറി മാർ ആസൂത്രണം ചെയ്ത് താഴത്ത് ചാണ്ടപ്പിള്ള തരകൻെറ മേൽനോട്ടത്തിൽ 1825 കാലഘട്ടത്തിൽ നിർമ്മിച്ചതാണ്. ഇതിൻെറ ബലവത്തായ വലിയ വാതിലുകളും നിർലോഭമായി ഉപയോഗിച്ച മര ഉരുപ്പടികളും പ്രത്യേകം ശ്രദ്ധേയമാണ്.

പഴയപള്ളിമുറിയും, പുതിയപള്ളിമേടയും മലങ്കര മെത്രാപ്പോ ലിത്തന്മാരുടെയും, കോട്ടയം ഇടവക മെത്രാപ്പോലിത്തന്മാരുടെയും ആസ്ഥാനമാക്കി ഏറെ നാൾ ഉപയോഗിച്ചു വന്നിരുന്നു.

പുലിക്കോട്ടിൽ മാർ ദീവാന്യാസിയോസ് മെത്രാപ്പോലിത്ത (1876-1909) ഈ പള്ളിമേടയിൽ ഇടവിട്ട് താമസിച്ചുവന്നിരുന്നു. തിരുമേനി കാലം ചെയ്തതും ഇവിടെ വച്ചാണ്. 1876ൽ പ. പത്രോസ് പാത്രിയാർക്കീസ് ബാവായും ഏതാനും ദിവസം ഇവിടെ താമസിച്ചിട്ടുണ്ട്.

***ഇടവകജനങ്ങൾ*** - ചെറിയപള്ളി രൂപം പ്രാപിച്ച 1579 കാലഘട്ടത്തിൽ വലിയ പള്ളിയല്ലാതെ മറ്റുപള്ളികൾ യാതൊന്നും സമീപത്തില്ലായിരുന്നു. അതിനാൽ ചെറിയപള്ളി ഇടവക ജനങ്ങളുടെ വ്യാപ്തി, കുറിച്ചി മാങ്ങാനം, തിരുവഞ്ചൂർ, പുതുപ്പള്ളി മണർകാട്, അമയന്നൂർ, കല്ലുങ്കത്ര, അയ്മനം, കുമരകം വരെ എത്തിയിരുന്നു. മൊത്തം 82 കരകളിലായി ഇങ്ങനെ അയ്യായിരത്തോളം കുടുംബങ്ങൾ ചെറിയപള്ളി ഇടവകയിൽ പെട്ടിരുന്നുവെന്നാണ് പഴമക്കാർ പറയു ന്നത്. 20 കല്യാണങ്ങൾ വരെ ഒരേസമയം ഈ പള്ളിയിൽ വച്ച് നടന്നിട്ടുണ്ടത്രേ. ഇന്നാകട്ടെ ചെറിയപള്ളിയിൽ പെട്ട കുടുംബങ്ങൾ 1000 ൽ താഴെ മാത്രമാണ്. കുമ്മനം പള്ളിയും (1972) നട്ടാശ്ശേരി പള്ളിയും സമീപകാലത്ത് ചെറിയപള്ളി ഇടവക വിട്ടു പോയവർ നിർമ്മിച്ചതാണ്. പണ്ടത്തെ ഇടവക ജനങ്ങൾ വളരെ മതതീക്ഷ്ണ തയുള്ളവരായിരുന്നു., 1653ൽ മട്ടാഞ്ചേരിയിൽ വച്ച് നടന്ന കൂനൻ കുരിശു സത്യത്തിൽ ചെറിയപള്ളി പ്രതിനിധികൾ സംബന്ധിച്ചി രുന്നതായി ചരിത്ര രേഖകളുണ്ട്. കാൽനടയായും ജലമാർഗ്ഗമായും

ക്ലേശങ്ങൾ സഹിച്ച് അന്നുള്ളവർ പള്ളി ആരാധനകളിൽ ക്രമമായി സംബന്ധിച്ചിരുന്നു. പള്ളിക്കടവ് കാരിക്കുഴിചന്ത കടവായിരുന്നു. 5 മൈൽ വരെ തുടരെ നടക്കുന്നത് അന്നൊക്കെ നിസാരകാര്യമായി കരുതിയിരുന്നു. രാത്രിസഞ്ചാരികൾ, ചൂട്ടുകറ്റ കത്തിച്ച് വീശി നടന്നിരുന്നു.

*ശവസംസ്കാരങ്ങൾ* - മരണമടയുന്ന ഇടവക ജനങ്ങളെ ആദ്യകാലങ്ങളിൽ സ്ഥാനമാനങ്ങൾ കണക്കിലെടുത്ത് പള്ളിയകത്തും, നാടകശാലകളിലും, പള്ളിപ്പറമ്പിലും സംസ്കരിച്ചിരുന്നു. ശവപ്പെട്ടികൾക്ക് പകരം ശവശരീരങ്ങൾ പായിൽ പൊതിഞ്ഞ് ശവമഞ്ചങ്ങളിൽ ചുമന്നു കൊണ്ടുവരികയായിരുന്നു സാധാരണ പതിവ്. ഒരു പഴയ ശവമഞ്ചം പള്ളിമുറിയിൽ സൂക്ഷിച്ചിട്ടുണ്ട്. ഈ ശവസംസ്കാര സമ്പ്രദായം 1880ൽ പുത്തൻപള്ളിശവക്കോട്ടയുടെ ആവിർഭാവത്തോടെ നിർത്തലാക്കി.

ഒരു നെസ്തോറിയൻ മെത്രാപ്പോലിത്തയായിരുന്ന മാർഗബ്രിയേലിനെ 1731 ലും, പുന്നത്രമാർ ദീവാന്യാസിയോസ് മെത്രാപ്പോലിത്തായെ 1825ലും ഈ പള്ളിയുടെ മദ്ബഹായിൽ കബറടക്കിയിട്ടുണ്ട്. ഈ പള്ളിയുടെ വടക്കുവശത്ത് മതിലിനോട് ചേർന്ന് ആഴമുള്ള ഒരു അസ്ഥികിണറുണ്ടായിരുന്നു. 1927ൽ വടക്കുവശത്തെ മതിൽ ഇടിഞ്ഞപ്പോൾ ഇതിനുള്ളിലെ അസ്ഥികൂട്ടങ്ങൾ ദൃശ്യമായിരുന്നു. പുതിയ ശവസംസ്കാരങ്ങൾക്കായി കുഴിയെടുക്കുമ്പോൾ ലഭിക്കുന്ന അസ്ഥിക്കഷണങ്ങൾ ശേഖരിച്ച് ഈ അസ്ഥികുഴിയിലാണ് നിക്ഷേപിച്ചിരുന്നത്.

*പള്ളിവരുമാനങ്ങൾ* - മുൻകാലങ്ങളിലെ പള്ളിയുടെ മുഖ്യവരുമാനം വിവാഹസമയത്ത് ഈടാക്കിവന്നിരുന്ന പതാരമായിരുന്നു. രൂപക്ക് പകരം ചക്രമായിട്ടാണ് അക്കാലത്ത് സ്ത്രീധനം കണക്കാക്കിവന്നത് (1 സർക്കാർ രൂപ = 7 വെള്ളിപ്പണം = 28 ചക്രം; 1ചക്രം 16 ചില്ലിക്കാശ്.) പതിനായിരം ചക്രം (357) രൂപാ അക്കാലത്തെ വലിയ സ്ത്രീധനമായിരുന്നു. 28 1/2 ചക്രത്തിന് തുല്യമായ ബ്രിട്ടീഷ് രൂപായും ഇതോടൊപ്പം നിലവിലുണ്ടായിരുന്നു. (1ബ്രി. രൂപാ = 16 അണ ; ഒരണ = 12 പൈസ). പണം നിക്ഷേപിക്കുവാൻ അക്കാലത്ത് ബാങ്കുകൾ ഇല്ലാതിരുന്നതിനാൽ മിച്ച പണം മുഴുവൻ



വസ്തുക്കൾ വാങ്ങുവാൻ ഉപയോഗിച്ചിരുന്നു. ഒരു കാലത്ത് വസ്തുക്കൾ നിർബന്ധിച്ച് ജനങ്ങളുടെ മേൽ, കരം ലഭിക്കുന്നതിനു വേണ്ടി സർക്കാർ കെട്ടിവയ്ക്കുന്ന ഏർപ്പാടുണ്ടായിരുന്നു. ആ കാലഘട്ടത്തിനു ശേഷം തുഛമായ വിലയ്ക്ക് സ്ഥലങ്ങൾ ലഭ്യമായിരുന്നു. പുരയിടങ്ങൾക്ക് സെൻറിന് 3 രൂപയ്ക്കും നിലങ്ങൾക്ക് സെൻറിന് 1 രൂപയ്ക്കും ഇഷ്ടം പോലെ ലഭ്യമായിരുന്നു. ഇപ്രകാരം വാങ്ങിയ നിരവധി നിലം പുരയിടങ്ങൾ പള്ളിക്ക് ഉണ്ടായിരുന്നു. 2 ഏക്കറുള്ള ഇല്ലിക്കൽ മൈതാനവും മറ്റും ഇങ്ങനെ വാങ്ങിയതാണ്.

അറിവിൽ പെട്ടിടത്തോളം പലസ്ഥലത്തായി 110 പറനിലവും, ഇല്ലിക്കൽ മൈതാനം കൂടാതെ 3 ഏക്കറിൽ പരം പുരയിടങ്ങളും പള്ളിക്കുണ്ടായിരുന്നു. എന്നാൽ കാലാന്തരത്തിൽ, പ്രത്യേകിച്ച് പള്ളി ദീർഘകാലം പൂട്ടിക്കിടന്ന കാലങ്ങളിൽ വസ്തുക്കൾ മിക്കതും പലരും കയ്യേറി അന്യാധീനപ്പെട്ടുപോയി. പള്ളികളുടെ ഉടമസ്ഥതയിലുണ്ടായിരുന്ന വസ്തുക്കളെപ്പറ്റി 1949 ന് ശേഷം ഒരു റിപ്പോർട്ട് അച്ചടിച്ച് പ്രസിദ്ധീകരിച്ചിരുന്നതായി അറിയാം. കൈവശാവകാശം ഉണ്ടായിരുന്നവ പിന്നീട് വിറ്റു പണമാക്കി.

*താഴത്തങ്ങാടിയും പഴയചന്തയും*

താഴത്തങ്ങാടി പ്രാചീനകാലത്ത് പ്രസിദ്ധി ആർജിച്ച ഒരു മലഞ്ചരക്ക് വിപണന കേന്ദ്രമായിരുന്നു. വള്ളങ്ങളിലും കാളവണ്ടികളിലും അവിടെ കൊണ്ടുവരുന്ന മലഞ്ചരക്കുകൾ ശേഖരിച്ച് തീരുവ അടച്ച്, ആലപ്പുഴയ്ക്കും കൊച്ചിക്കും അയച്ചു വ്യാപാരം നടത്തുകയായിരുന്നു പതിവ്. പിന്നീട് ഇവ അവിടെ നിന്നും പാകപ്പലുകളിൽ വിദേശങ്ങളിലേക്ക് കയറ്റി അയക്കുമായിരുന്നു. 1749ൽ മാർത്താണ്ഡവർമ്മ മഹാരാജാവ് തളിയിൽ കോട്ട പിടിച്ചെടുത്ത് രാജകൊട്ടാരം തീവച്ചു നശിപ്പിച്ചു. തെക്കുംകൂർരാജാവും കുടുംബവും രഹസ്യ മാർഗ്ഗങ്ങളിലൂടെ നട്ടാശ്ശേരിയിലേക്ക് പാലായനം ചെയ്തു. ഇതോടെ താഴത്തങ്ങാടിയിലെയും പഴയചന്തയിലേയും കച്ചവട കേന്ദ്രങ്ങൾ വിസ്തൃതമായ തിരുനക്കരയിലേക്ക് നീങ്ങിത്തുടങ്ങി. കളപ്പുര കടവിനു പകരം കോടിമതക്കടവ് സ്ഥാനം പിടിച്ചു. ഇങ്ങനെ താഴത്തങ്ങാടിയുടെ വ്യാപാര പ്രാധാന്യം അസ്തമിച്ചു. പഴയചന്തയിലുണ്ടായിരുന്ന സർക്കാർ സ്ഥാപനങ്ങളും നിർത്തലാക്കി.

## *ചെറിയപള്ളി പൂട്ടിക്കിടന്ന കാലങ്ങൾ*

1911-1934 - വട്ടശ്ശേരിൽ മാർദീവന്യാസിയോസ് മെത്രാപ്പോലിത്തായുടെ മുടക്കിനെ തുടർന്ന് സംജാതമായ സംഘർഷാവസ്ഥയുടെ പേരിൽ പഴയ സെമിനാരി, ചെറിയപള്ളി, പുത്തൻ പള്ളി, കുരിശുപള്ളി എന്നിവ സർക്കാർ പൂട്ടിയിട്ടു. തത്സമയം ചെറിയ പള്ളി ട്രസ്റ്റി അഞ്ചേരിൽ മാത്തൻ കോരയും, കുരിശുപള്ളി ട്രസ്റ്റി കരോട്ട് തൊമ്മി ചെറിയാനും ആയിരുന്നു. പൂട്ടിയിട്ടിരുന്ന കാലമത്രയും മെത്രാൻ കക്ഷിക്കാർ മാർ ഏലിയാ ചാപ്പലിലും, പാത്രിയർക്കിസ് കക്ഷിക്കാർ വലിയ പള്ളിയിലും പാണമ്പടി പള്ളിയിലും പോയി ആരാധനകളിൽ സംബന്ധിച്ചിരുന്നു. 1929 ൽ സിംഹാസനപള്ളി ആരംഭിച്ചതോടെ ബാവാകക്ഷിക്കാർ അവിടെയും പോയി തുടങ്ങി. ദീർഘകാലമായിട്ടും പള്ളികൾ തുറക്കാത്തതിനെ പ്രതിഷേധിച്ച് മനംനൊന്ത് കുമരകം കളമ്പാട്ടുശ്ശേരിൽ കുട്ടിസാർ, കുമരകം ഏലച്ചേരിൽ അവറാച്ചൻ, ഒളശ പുത്തൻ വീട്ടിൽ പോത്തൻ മുൻഷിസാർ എന്നിവർ, പള്ളി തുറന്നു കിട്ടുവാനായി ചെറിയപള്ളി നാടകശാലയിൽ 5 ദിവസം നിരാഹാര സത്യാഗ്രഹം നടത്തിയെങ്കിലും ശ്രമം വിജയിച്ചില്ല.

1934-ൽ ഇരുപക്ഷക്കാർക്കും തുല്യ തവണകൾ അനുവദിച്ചുകൊണ്ട് കേസുകൾ വിധിയായി പള്ളികൾ തുറന്നു. ദീർഘകാലം ചെറിയപള്ളി പൂട്ടിക്കിടന്നതിനാൽ ചിതൽ പിടിച്ചും മഴനനഞ്ഞ് ദ്രവിച്ചും മേൽകൂരയ്ക്കും കൊത്തു പണികൾക്കും സാരമായ കേടുപാടുകൾ സംഭവിച്ചു. കൂടാതെ പള്ളി അടഞ്ഞു കിടന്നതിനാൽ പള്ളിയകം നരിച്ചീറിന്റെ വൻ ആവാസകേന്ദ്രമായി മാറുകയും തറ വൃത്തിഹീനമാകുകയും ചെയ്തു.

1950-1959 - ഇരു കക്ഷികൾക്കും അനുവദിച്ചിരുന്ന തവണകളെ ചൊല്ലി തർക്കങ്ങൾ മൂത്ത് പള്ളിയിൽ വീണ്ടും സംഘർഷാവസ്ഥയുണ്ടായി. തുടർന്ന് ചെറിയപള്ളി, കുരിശുപള്ളി, പുത്തൻ പള്ളി എന്നീ പള്ളികൾ 1950ൽ സർക്കാർ പൂട്ടി മുദ്രവയ്ക്കുകയും അഡ്വ. ശങ്കരകുറുപ്പിനെ നിയമിച്ച് മൂന്നു പള്ളികളും റിസീവർ ഭരണത്തിലാക്കുകയും ചെയ്തു. നിനച്ചിരിയാതെ ഉണ്ടായ ഈ പ്രതിസന്ധിക്ക് പരിഹാരമായി വികാരി ഫാ. കെ. ഫിലിപ്പോസ് (1966ൽ മുതൽ മാർ തേയോഫിലോസ് മെത്രാപ്പോലിത്ത), ഉപ്പൂട്ടിൽ



കുര്യൻ ഏബ്രഹാം, മാളിയേക്കൽ എം. സി. മാത്യു എന്നിവരുടെ നേതൃത്വത്തിൽ 23000 രൂപ സമാഹരിച്ച് പുത്തൻപള്ളിക്ക് എതിർവശമുള്ള തൈത്രകുടുംബക്കാരുടെ 96 സെൻറ് സ്ഥലം വാങ്ങി, സെൻറ് മേരീസ് ആൻഡ് സെൻറ് ജോൺസ് ചാപ്പൽ 1951ൽ നിർമ്മിച്ച് ആരാധനകൾ നടത്തിപ്പോന്നു. 9 വർഷങ്ങൾക്കു ശേഷം കാതോലിക്കകൂടിയായ മലങ്കര മെത്രപ്പോലിത്തായ്ക്കു 3 പള്ളികളിന്മേലും നിരാക്ഷേപമായ കൈവശാവകാശം അനുവദിച്ചുകൊണ്ട് കേസുകൾ വിധിക്കയും 1959ൽ പള്ളികൾ തുറക്കുകയും ചെയ്തു. അന്നത്തെ ചെറിയപള്ളി ട്രസ്റ്റി പടിഞ്ഞാറെത്തലയ്ക്കൽ ജോർജ് ജോസഫും, കുരിശുപള്ളി ട്രസ്റ്റി മാളിയേക്കൽ എം. എം. പുന്നനുമായിരുന്നു. ഇപ്പോൾ ചെറിയപള്ളിയും കുരിശുപള്ളിയും പുത്തൻപള്ളിയും സെൻട്രൽ ഭദ്രാസനത്തിന്റെ ഘടകങ്ങളായി പ്രവർത്തിച്ചു വരുന്നു.

ചെറിയപള്ളി ഇടവക ജന്മം നൽകിയ മെത്രാപ്പോലിത്തന്മാരെ ഇത്തരുത്തണത്തിൽ നാം സ്മരിക്കേണ്ടതാണ്. പുന്നത്ര മാർദിവാന്യാസിയോസ് മെത്രാപ്പോലിത്തായ്ക്ക് (1817-1825) ശേഷം കർമ്മനിരതരായ രണ്ടു തിരുമേനിമാർക്ക് ചെറിയപള്ളി ഇടവകജന്മം നല്കി.

1. *യൂഹാനോൻ മാർ അത്താനിസിയോസ് മെത്രാപ്പോലിത്താ*

പുത്തനങ്ങാടി ചക്കാലപ്പറമ്പിൽ കുടുംബാംഗമായി 1928 ൽ ജനിച്ചു. 1953 ൽ പെരുനാട് ബഥനി ആശ്രമത്തിൽ ചേർന്നശേഷം 1956 ൽ പട്ടത്വം സ്വീകരിച്ച്, ഉന്നത വേദശാസ്ത്ര പഠനത്തിനായി ഇംഗ്ലണ്ടിൽ പോയി. പഠനം പൂർത്തിയാക്കി ബഥനി ആശ്രമ അധിപനായി. 1978ൽ മേല്പട്ട സ്ഥാനം സ്വീകരിച്ച്, പാമ്പാടി ദയറായിൽ കോട്ടയം ഇടവകയുടെ സഹായ മെത്രാനായി കഴിയവേ, രോഗം ബാധിച്ചു 12-10-1980 ൽ 52-ാം വയസ്സിൽ കാലം ചെയ്തു, പെരുനാട് ബഥനി ആശ്രമത്തിൽ കബറടക്കി. ലളിതജീവിതത്തിന് മാതൃകകാട്ടിയ ഈ തിരുമേനിയുടെ ഓർമ്മ കുരിശു പള്ളിയിൽ എല്ലാ വർഷവും ആചരിച്ചു വരുന്നുണ്ട്.

2. *ഡോ. ഫീലിപ്പോസ് മാർ തിയോഫിലോസ് മെത്രാപ്പോലിത്താ*

പുത്തനങ്ങാടി വാരിക്കാട്ട് കൊച്ചുപുരയ്ക്കൽ കുടുംബാംഗമായി 1911 ൽ ജനിച്ചു. 18-ാം വയസിൽ ശെമ്മാശു പട്ടവും 1944ൽ വൈദികപട്ടവും 1966ൽ മെത്രാൻ പട്ടവും സ്വീകരിച്ചു. പട്ടക്കാരനായിരിക്കെ ചെറിയപള്ളി മേടയിലായിരുന്നു താമസം. നിരവധി വർഷങ്ങൾ ചെറിയപള്ളിയുടെയും കുരിശുപള്ളിയുടെയും വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. വിവിധ പാശ്ചാത്യ യൂണിവേഴ്സിറ്റികളിൽ പാഠനം പൂർത്തിയാക്കി കുറെക്കാലം വൈദിക സെമിനാരിയിലെ പ്രിൻസിപ്പലായി സേവനം അനുഷ്ഠിച്ചു. 1948 മുതൽ അഖില ലോകസഭാ കൗൺസിലിൻെറ ഒരു സജീവപ്രവർത്തകനായിരുന്നു. മാർഗ്രിഗോറിയോസ് ഓർത്തഡോക്സ് യുവജന പ്രസ്ഥാനത്തിന് വേണ്ടി കോട്ടയം, ആലുവാ തിരുവനന്തപുരം എന്നീ സ്ഥലങ്ങളിൽ വിദേശ സഹായത്തോടെ ആസ്ഥാന മന്ദിരങ്ങൾ സ്ഥാപിച്ചു. ചെറിയപള്ളി ആശുപത്രി, കങ്ങഴ ആശുപത്രി, കോലഞ്ചേരി മെഡിക്കൽ മിഷൻ ആശുപത്രി, കുന്നംകുളം ഹോസ്പിറ്റൽ എന്നീ വലിയ ആശുപത്രികളുടെ നിർമ്മാണത്തിന് ആവശ്യമായ വിദേശധന സഹായം തിരുമേനി നേടിയെടുത്തതാണ്. എല്ലാ സഭാ വിഭാഗങ്ങളെയും സഹോദര മനോഭാവത്തോടെ തിരുമേനി വീക്ഷിച്ചിരുന്നു. 28.9.1997ൽ 87-ാം വയസിൽ കാലം ചെയ്തു, ആലുവാ തൃക്കുന്നത്ത് സെമിനാരിയിൽ കബറടക്കപ്പെട്ടു. തിരുമേനിയുടെ ഓർമ്മ നിലനിർത്തുന്നതിന് കുരിശു പള്ളി ബൃഹത്തായ ഒരു ഷഷ്ട്യബ്ദപൂർത്തി മന്ദിരം (1980) നിർമ്മിക്കുകയും വൈദിക സെമിനാരിയിൽ 3000 രൂപായുടെ ഒരു എൻഡോവ്മെൻറ് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്.

### *ചെറിയപള്ളിയിൽ സേവനം അനുഷ്ഠിച്ച പട്ടക്കാർ*

പൂർവ്വകാലം മുതല്ക്കെ ചെറിയപള്ളിയിലെ പട്ടക്കാർ കുരിശുപള്ളിയിലും തവണ പ്രകാരം കർമ്മങ്ങൾ അനുഷ്ഠിച്ചു വന്നിരുന്നു. നിർഭാഗ്യവശാൽ എല്ലാ പട്ടക്കാരുടെയും വിവരങ്ങൾ പൂർണ്ണമായി ലഭ്യമല്ല. ലഭ്യമായ പേരുകളും വിവരങ്ങളും ചുവടെ ചേർക്കുന്നു.

1. *എരുത്തിക്കൽ മർക്കോസ് കത്തനാർ* - 1836ൽ കേണൽ മണ്രോയ്ക്കു മെമ്മോറാണ്ടം സമർപ്പിച്ച 9 പട്ടക്കാരിൽ ഒരാളാണ്.



2. *എരുത്തിക്കൽ മർക്കോസ് കത്തനാർ* - മേല്പറഞ്ഞ മർക്കോസ് കത്തനാരുടെ 9 മക്കളിൽ ഒരാളാണ്.
3. *വേങ്കടത്ത് അലക്സന്ത്രിയോസ് കത്തനാർ* - പുലിക്കോട്ട് മാർ ദിവന്യാസിയോസ് മെത്രാപ്പോലിത്തായുടെ ഉറ്റ സുഹൃത്തായിരുന്നു. സഭാനിഷ്ഠകളിൽ ജാഗരൂകനായിരുന്നു.
4. *എരുത്തിക്കൽ ദാനിയേൽ കത്തനാർ* - ഇദ്ദേഹം അവിവാഹിതനായ പട്ടക്കാരനായിരുന്നു.
5. *പുത്തനങ്ങാടി എരുത്തിക്കൽ ഇ. കെ. സ്കറിയാ കത്തനാർ* - പുത്തൻ പള്ളി നിർമ്മിച്ചത് ഇദ്ദേഹത്തിൻെറ മേൽനോട്ടത്തിലായിരുന്നു. 1896ൽ നിര്യാതനായി, പുത്തൻ പള്ളിയുടെ തെക്കുവശത്തെ പ്രത്യേക കബറിൽ സംസ്കരിച്ചു.
6. *ആറ്റുമാലിൽ സ്കറിയാ കത്തനാർ* - 21 വയസ്സിൽ പട്ടമേറ്റ ഇദ്ദേഹം 1902 മുതൽ ചെറിയപള്ളി, കുരിശുപള്ളി, പുത്തൻ പള്ളി, പാണമ്പടി പള്ളി എന്നീ പള്ളികളിൽ സേവനം അനുഷ്ഠിച്ചിട്ടുണ്ട്. പള്ളികൾ 1911ൽ പൂട്ടിയപ്പോൾ ആനപ്രമ്പാൽ പള്ളി വികാരിയായി. 1943 ൽ 80 വയസിൽ അവിടെ സംസ്കരിച്ചു. ഇദ്ദേഹം എരുത്തിക്കൽ കുടുംബത്തിൽ നിന്നും വിവാഹം കഴിച്ചിരുന്നു.
7. *കാരയ്ക്കാട്ട് ഉതുപ്പ് കുര്യൻ കത്തനാർ* - തെക്കേത്തലയ്ക്കൽ കുടുംബാംഗമായ ഇദ്ദേഹം അറത്തൂട്ടി പാലത്തിന് സമീപം കാരയ്ക്കാട്ട് വീട്ടിൽ താമസിച്ചിരുന്നു.
8. *കാരയ്ക്കാട്ട് കൊച്ചച്ചൻ* - ഉതുപ്പ് കുര്യൻ കത്തനാരുടെ പുത്രനായ ഇദ്ദേഹം 10-ാം വയസിൽ ശെമ്മാശുപട്ടവും 17 -ാം വയസിൽ വൈദിക പട്ടവും സ്വീകരിച്ചു.
9. *മേക്കാട്ടച്ചൻ* - മാരകമായ വസൂരി രോഗം വന്ന് മരിക്കുന്നവരുടെ ശവസംസ്കാര കർമ്മം നിർഭയമായി നടത്തികൊടുക്കുമായിരുന്ന വിശ്വാസിയായ പട്ടക്കാരനായിരുന്നു.
10. *താഴത്തു ചാണ്ടപ്പിള്ള കത്തനാർ* - അതിസമർത്ഥനും ഭരണനിപുണനുമായ ഇദ്ദേഹം 24 വർഷം തുടർച്ചയായി വികാരിയായി സേവനം അനുഷ്ഠിച്ചിട്ടുണ്ട്. മാർത്തോമ്മാ സഭയിലേക്ക് പിന്നീട്

മാറിപ്പോയി, 1901ൽ പഴയചന്ത സെൻറ് തോമസ് മാർത്തോമ്മാ പള്ളി വികാരിയായി.

11 *ഉപ്പൂട്ടിൽ ഇട്ടുപ്പ് യാക്കോബ് കത്തനാർ* - ദീർഘകാലം വികാരിയായി ഇരുന്നിട്ടുണ്ട്. 1928ൽ 87-ാം വയസിൽ നിര്യാതനായി. പുത്തൻ പള്ളിയുടെ വടക്കുവശം പ്രത്യേക കബറിൽ സംസ്കരിച്ചു.

12. *എരുത്തിക്കൽ ജോസഫ് കത്തനാർ* - ചെറിയപള്ളി പൂട്ടിയിട്ടിരുന്ന 1911 -1934 കാലഘട്ടത്തിൽ ഇദ്ദേഹം സ്വന്തം പുരയിടത്തിൽ 1927 ൽ ഒരു കൊച്ചു പള്ളി നിർമ്മിച്ച് ആരാധനകൾ നടത്തി പോന്നു. പള്ളി തുറന്ന ശേഷം ഈ പള്ളിയും പള്ളിയിരുന്ന 11 സെൻറ് സ്ഥലവും 14000 രൂപക്ക് ചെറിയ പള്ളി വിലയ്ക്കു വാങ്ങി, ഒരു മിനിഹാളായി രൂപാന്തരപ്പെടുത്തി. ചെറിയ പള്ളി തുറന്ന ശേഷം 22 വർഷം വികാരിയായി സേവനം അനുഷ്ഠിച്ചു. 16.5.56 ൽ നിര്യാതനായി. ഇപ്പോഴത്തെ വികാരി ബ: ഇ. ജെ. തോമസ് കോർഎപ്പിസ്കോപ്പായുടെ പിതാവാണ് ഇദ്ദേഹം.

13. *മുട്ടമ്പുറത്ത് യാക്കോബ് കത്തനാർ* - 1934 ൽ ചെറിയ പള്ളി തുറന്ന ശേഷം 13 വർഷം പള്ളി വികാരിയായിരുന്നു. സുറിയാനി പണ്ഡിതനും, സ്വരമാധുര്യമുള്ള ഇദ്ദേഹം 1947ൽ 58-ാം വയസിൽ നിര്യാതനായി, പുത്തൻ പള്ളിയുടെ വടക്കു വശത്തുള്ള പ്രത്യേക കബറിൽ സംസ്കരിച്ചക്കപ്പെട്ടു.

14. *എരുത്തിക്കൽ ഇ. എ. മർക്കോസ് കത്തനാർ* - ചെറിയപള്ളി ആദ്യം പൂട്ടിക്കിടന്ന കാലം 1929 മുതൽ സിംഹാസനപള്ളിയിൽ, കർമ്മാദികൾ നടത്തിപ്പോന്നു. 1958 ലെ സഭാസമാധാനത്തിനു ശേഷം പ.കാതോലിക്കബാവാ തിരുമനസിലെ കല്പനപ്രകാരം ചെറിയപള്ളിയിലും കുരിശുപള്ളിയിലും സേവനം അനുഷ്ഠിച്ചു. 1995ൽ 82-ാം വയസ്സിൽ നിര്യാതനായി, പുത്തൻ പള്ളിയുടെ വടക്കുവശത്തുള്ള പ്രത്യേക കബറിൽ സംസ്കരിച്ചു.

15. *റവ. ഫാ. പുത്തൻകാവ് സ്കറിയാ* - മികച്ച പ്രാസംഗികനായി രുന്ന ഇദ്ദേഹം ഒരു വർഷക്കാലം വികാരിയായിരുന്നു.

16. *റവ. ഫാ. വി. ജെ. ഗബ്രിയേൽ* - 4-6-57 മുതൽ ചെറിയ പള്ളിയിലും കുരിശുപള്ളിയിലും വികാരിയായി സേവനം



അനുഷ്ഠിച്ചിട്ടുണ്ട്. ഒരു മികച്ച പ്രാസംഗികനും ഭരണ നിപുണ നുമായ ഇദ്ദേഹം ഇപ്പോൾ രോഗബാധിതനായി കഴിയുന്നു.

17. *റവ. ഫാ. കുറ്റിയിൽ യോഹന്നാൻ* - പള്ളി 1950 ൽ പൂട്ടിയപ്പോൾ സെൻറ് മേരീസ് ആൻഡ് സെൻറ് ജോൺസ് ചാപ്പലിൽ സേവനം അനുഷ്ഠിച്ചു. ഇദ്ദേഹം സഭാനിഷ്ഠകളിൽ അതീവ തല്പരനായ ഒരു ദയറാ പട്ടക്കാരനായിരുന്നു.

*കപ്യാർ കുടുംബം* - ചെറിയ പള്ളി ആരംഭിച്ച കാലം മുതൽ തലമുറകൾ തുടർച്ചയായി ശുശ്രൂഷകന്മാരായി സേവനം അനുഷ്ഠിച്ചു വന്നവരാണ് കപ്യാരു പറമ്പിൽ വീട്ടുകാർ. ചെറിയ പള്ളിയുടെ പടിഞ്ഞാറു വശത്താണ് ഇവർ 1969 വരെ താമസിച്ചു വന്നിരുന്നത്. ഈ കുടുംബത്തിലെ 6 -ാം തലമുറക്കാരൻ വർക്കിയുടെ പുത്രൻ കൊച്ചെറിയ (കൊച്ചു കുട്ടിച്ചേട്ടൻ) സഭയിലെ പല ചരിത്ര സംഭവങ്ങൾക്കും സാക്ഷിയാണ്. ഇദ്ദേഹം 1954 ൽ 85-ാം വയസിൽ നിര്യാതനായി. ഇദ്ദേഹത്തിൻെറ പുത്രൻ കൊച്ചെറിയാ ചാക്കോ (കുഞ്ഞാപ്പി) പിന്നീട് ശുശ്രൂഷകനായി, 1976ൽ 65 -ാം വയസിൽ നിര്യാതനായി. കുഞ്ഞാപ്പിയുടെ പുത്രൻ കെ. സി. കൊച്ചെറിയയും സഹോദരപുത്രൻ കെ. വി. മാണിയും ചെറിയപള്ളിയിൽ ശുശ്രൂഷകരാണ്. കെ. വി. മാണിയുടെ സഹോദരൻ കെ. വി. കൊച്ചെറിയ കുരിശുപള്ളിയിലെ ശുശ്രൂഷകനാണ്.

## *ചെറിയപള്ളിയുടെ സ്ഥാപനങ്ങൾ*

1. ചെറിയപള്ളി ആശുപത്രി - ചെറിയപള്ളിയിൽ നിന്നും പണം മുടക്കി സ്ഥലം വാങ്ങി പണം ചിലവഴിച്ചും, വിദേശസഹായം നേടിയും 1976ൽ നിർമ്മിച്ചതാണ് ഈ ആശുപത്രി.

2. സെൻറ് മേരീസ് ഇംഗ്ലീഷ് മീഡിയം എൽ. പി. സ്കൂൾ - ഇവിടെയുണ്ടായിരുന്ന ചെറിയപള്ളി വക ചാപ്പൽ രൂപാന്തരപ്പെ ടുത്തിയും കൂടുതൽ സ്ഥലം വാങ്ങിയും കെട്ടിടങ്ങൾ പണിതും വിപുലപ്പെടുത്തിയതാണ് ഈ സ്കൂൾ. ഇപ്പോൾ സ്കൂളിരിക്കുന്ന സ്ഥലം 1 ഏക്കർ 10 സെൻറാണ്. 450 വിദ്യാർത്ഥികൾ പഠിക്കുന്ന സ്കൂളിൽ 21 അദ്ധ്യാപകരും 5 അനദ്ധ്യാപകരും ഉണ്ട്. സ്കൂൾ മാനേജർ ബ. ഇ. ജെ. തോമസ് കോറെപ്പി സ്കോപ്പയാണ്.

3. ഇല്ലിക്കൽ സെൻറ് ജോൺസ് മിഡിൽ സ്കൂൾ - 1932 മുതൽ മുണ്ടിയിറക്കൽ കുടുംബക്കാർ നടത്തി വന്ന സ്കൂളും 1 ഏക്കർ സ്ഥലവും ഇടവകയിലെ ചില പ്രമുഖർ പങ്കു ചേർന്ന് 20,000 രൂപക്ക് 1946ൽ വാങ്ങിയതാണ്. പിന്നീട് ഇതിൽ ചില പങ്കുകൾ ചെറിയപള്ളി വാങ്ങി. നല്ല പഠനനിലവാരമുള്ള ഈ സ്കൂളിൽ 752 കുട്ടികളും 24 അദ്ധ്യാപകരുമുണ്ട്. മറ്റത്തിൽ എം. പി. സ്കറിയാ ഹെഡ്മാസ്റ്ററും, ബ. ഇ. ജെ. തോമസ് കോറെപ്പി സ്കോപ്പാ മാനേജരുമാണ്. സ്കൂളിൻെറ സ്ഥാപക പങ്കാളികൾ ഉൾപ്പെട്ട 9 അംഗ ബോർഡ് സ്കൂൾ ഭരണം നടത്തിവരുന്നു. ഇതൊരു എയിഡഡ് സ്കൂൾ ആണ്.

*ചെറിയപള്ളി പാരിഷ് ഹാൾ*

കപ്യാർ കുടുംബത്തിൻെറ 9 സെൻറ് സ്ഥലം 1500 രൂപയ്ക്കു വാങ്ങി 1969ൽ നിർമ്മിച്ചതാണ് ഈ വലിയ പാരിഷ് ഹാൾ. ഇതിൻെറ നിർമ്മാണത്തിന് മുന്നിട്ടറങ്ങിയത് സഭയുടെ അൽമായ ട്രസ്റ്റി ആയിരുന്ന ഉപ്പൂട്ടിൽ കുര്യൻ ഏബ്രഹാമാണ്.

*ചെറിയപള്ളിയിലെ പട്ടക്കാർ*

ബ. ഇ. ജെ. തോമസ് കോറെപ്പിസ്കോപ്പാ ചെറിയപള്ളി വികാരിയും, റവ. ഫാ. സി. ജെ. പുന്നൂസ്, റവ. ഫാ. റ്റി. ജി. സ്റ്റീഫൻ എന്നിവർ സഹവികാരിമാരുമാണ്.

*ചെറിയപള്ളിയുടെ പുനരുദ്ധാരണം*

കാലങ്ങൾ കഴിയുന്തോറും പള്ളി ജീർണ്ണാവസ്ഥയിലേക്ക് നീങ്ങുന്നുവെന്ന് കണ്ട് ബോധ്യമായ കണ്ടത്തിൽ മാമ്മൻ വർഗീസ് ഇടവകജനങ്ങളോടൊപ്പം മുന്നിട്ടിറങ്ങി 1991ൽ ഒരു പള്ളി പുനരുദ്ധാരണക്കമ്മിറ്റി രൂപീകരിച്ചു. 691 പേരിൽ നിന്ന് 7 ലക്ഷത്തിൽ പരം രൂപയും കുരിശുപള്ളിയിൽ നിന്നും 1 1/2 ലക്ഷം രൂപയും സമാഹരിച്ച്, പള്ളിയുടെ പൗരാണികതയ്ക്കും മാതൃകയ്ക്കും കോട്ടം തട്ടാതെ, ഒന്നര വർഷത്തെ നിദാന്ത പരിശ്രമഫലമായി പള്ളി പുനുദ്ധരിച്ച്, 15.9.1992ൽ പ. ബസേലിയോസ് മാത്യൂസ് ദ്വിതീയൻ കാതോലിക്കാ ബാവാ കൂദാശ ചെയ്തു. ഈ ദൗത്യം



വിജയകരമായി പൂർത്തിയാക്കിയതിന് ഇദ്ദേഹം ഇടവക ജനങ്ങളുടെ മുക്തകണ്ഠമായ അനുമോദനം അർഹിക്കുന്നു. പുനരുദ്ധാരണ പണികൾക്ക് മേൽനോട്ടം നൽകിയ വേലമ്പറമ്പിൽ ഇട്ടിച്ചെറിയയുടെ സേവനങ്ങൾ ഈയവസരത്തിൽ സ്മരണീയമാണ്.

*ചെറിയപള്ളിയിൽ ഇടവകയിൽ പെട്ട മറ്റു പള്ളികൾ*

1. പുത്തൻപള്ളി - ചെറിയ പള്ളി മാർത്തോമ്മാ സഭക്കാരുടെ അധീനതയിൽ ആയിത്തീർന്നതിനാൽ ആരാധനകൾക്കായി അക്കരകുടുംബക്കാർ ദാനമായി നൽകിയ 50 സെൻറ് സ്ഥലത്തു മാർബർസൗമ്മാപുണ്യവാളൻെറ വിശുദ്ധനാമത്തിൽ സ്ഥാപിച്ച താണ് ഈ ദേവാലയം. 81 സെൻറുള്ള ശവക്കോട്ട സ്ഥലം അക്കര കുടുംബക്കാരും ഉപ്പൂട്ടിൽ കുടുംബക്കാരും കൂടി ദാനമായി നൽകിയതാണ്. പരുവക്കൽ തോമസ് കുര്യൻ ട്രസ്റ്റിയായിരിക്കെ 18 അറകളുള്ള പൊതുക്കല്ലറക്ക് പുറമെ 32 അറകളുള്ള മറ്റൊരു പൊതുക്കല്ലറകൂടി 1996ൽ പണി തീർത്തു. പള്ളി മദ്ബഹായുടെ വടക്കു വശത്തുണ്ടായിരുന്ന അസ്ഥിക്കിണർ 1953ൽ മൂടിക്കളഞ്ഞു. പഴയസെമിനാരിയിൽവച്ച് കാലം ചെയ്ത സൈമൺ മാർ അത്താനാസിയോസ് എന്ന ശീമ മെത്രാനെ 1889ൽ ഈ പള്ളിയോട് ചേർന്നു കബടറക്കിയിട്ടുണ്ട്. ഫെബ്രുവരി 2, 3, തീയതികളിലാണ് ഇവിടുത്തെ പെരുനാൾ.

2. പുത്തനങ്ങാടി കുരിശുപള്ളി - വി. മാർത്തോമ്മാശ്ലീഹായുടെ നാമത്തിൽ സ്ഥാപിച്ച ഈ ദേവാലയം, ഒരു കുരിശ് ഇവിടെ സ്ഥാപിച്ച് വിളക്കു വച്ച് ആരാധിച്ചുകൊണ്ട് പുരാതനകാലത്ത് ആരംഭിച്ചതാണ്. കുറെ വർഷങ്ങൾക്കു ശേഷം ഈ കുരിശിനെ ആവരണം ചെയ്ത്, 1731ൽ ഒരു ഓലകെട്ടിയ പള്ളി നിർമ്മിച്ചു. 1746ൽ പള്ളി വലുതാക്കി ചെറിയ ഓടുകൾ മേഞ്ഞു. ഇപ്പോഴത്തെ പള്ളി പുത്തനങ്ങാടിയിലെ 18 വീട്ടുകാരുടെ കൂട്ടായ പരിശ്രമത്തിൽ 1898ൽ നിർമ്മിച്ചതാണ്. അതിനാൽ പള്ളി ഭരണം ഈ വീട്ടുകാരുടെ നിന്ത്രണത്തിലാണ്. ത്രോണോസിൽ പ്രതിഷ്ഠിച്ചി രിക്കുന്ന തങ്കം ചാർത്തിയ കരിങ്കൽ കുരിശ് പ. പരുമല കൊച്ചു തിരുമേനിയുടെ സാന്നിധ്യത്തിലും ചുമതലയിലുമാണ് സ്ഥാപിച്ച തെന്ന വസ്തുതയാണ് ഈ പള്ളിയുടെ ശ്രേഷ്ഠതക്ക് നിദാനം. മാമോദീസായും വിവാഹവും ഇവിടെ അനുവദിച്ചിട്ടില്ലെങ്കിലും

1907ൽ പള്ളിയുടെ ഭരണഘടന അംഗീകരിച്ച് ഒരു ഇടവകപള്ളിക്ക് തുല്യമായ സ്ഥാനം സഭാകേന്ദ്രം രേഖാമൂലം ഈ പള്ളിക്ക് നൽകിയിട്ടുണ്ട്. 1911 - 34 കാലഘട്ടത്തിൽ പള്ളി പൂട്ടിയെങ്കിലും ഭക്തജനങ്ങളുടെ പ്രാർത്ഥനക്കായി മാത്രം പള്ളി തുറന്നിടാൻ ദിവാൻ പേഷ്ക്കാർ അനുവദിച്ചു. പള്ളിയിരിക്കുന്ന ഒരേക്കർ സ്ഥലം പള്ളി നിർമ്മിച്ച ശേഷം സ്ഥല ഉടമയ്ക്ക് 4000 ചക്രം (143 രൂപാ) നൽകി ഓലയാധാരം വാങ്ങി സ്വന്തമാക്കിയതാണ്. പള്ളിവകയായി സ്കൂളുകൾ, ക്ലിനിക്കുകൾ മുതലായവ നടത്തി വരുന്നുണ്ട്. പള്ളിയിലെ പെരുനാൾ പുതുഞായറാഴ്ചയാണ്. ഈ പള്ളിയുടെ ഒരു ചരിത്രം കുരിശും മൂട്ടിൽ കെ. ജെ. ലൂക്കോസ് 1983ൽ അച്ചടിച്ചു പ്രസിദ്ധീകരിച്ചിട്ടുണ്ട്.

*കാരാപ്പുഴ മാർ ഗ്രിഗോറിയോസ് ചാപ്പൽ*

പാമ്പാടി ദയറായിൽ താമസിച്ചിരുന്ന അഭിവന്ദ്യ കുറിയാക്കോസ് മാർ ഗ്രിഗോറിയോസ് മെത്രാപ്പോലിത്താക്ക് (പാമ്പാടി തിരുമേനി), കോട്ടയത്ത് ഒരു ആസ്ഥാനമായി നിർമ്മിച്ചതാണ് ഈ ചാപ്പൽ. എരുത്തിക്കൽ ക്ഷേത്രത്തിന് സമീപം ദാനം കിട്ടിയ 9 സെൻറും 200 രൂപയ്ക്കു വാങ്ങിയ 15 സെൻറും ഉൾപ്പെടെ 24 സെൻറു സ്ഥലത്താണ് പള്ളി നിർമ്മിച്ചത്. ഈ ചാപ്പലിൻെറ നിർമ്മാണത്തിന് വേണ്ടി പരിശ്രമിച്ചവരിൽ പ്രമുഖർ മാളിയേക്കൽ ചെറിയാൻ കുര്യനും, പാലത്ര പി. എം. മാണിയും തിരുവാതുക്കൽ റ്റി. പി. ജോണുമായിരുന്നു. ഈ ചാപ്പലിൽ സേവനം അനുഷ്ഠിക്കുന്ന പട്ടക്കാർ പിന്നീട് മേല്പട്ടസ്ഥാനത്തേക്ക് ഉയർത്തപ്പെടുന്നു എന്നത് ഒരു പ്രത്യേകതയാണ്. പ.മാർത്തോമ്മാ മാത്യൂസ് പ്രഥമൻ കാതോലിക്കാ ബാവാ, ദിവ്യശ്രീമാന്മാരായ ഗീവറുഗീസ് മാർ ഒസ്താത്തിയോസ്, മാത്യൂസ് മാർ ബർണബാസ്, ഗീവറുഗീസ് മാർ ഈവാനിയോസ്, ഡോ. മാത്യൂസ് മാർസേവേറിയോസ് എന്നീ തിരുമേനിമാർ ഇതിന് ദൃഷ്ടാന്തങ്ങളാണ്. 1951 മുതൽ ഇവിടെ മാമോദീസാ, വിവാഹം എന്നിവ നടത്തിവരുന്നു. 12 വർഷം ഈ പള്ളിയുടെ വികാരിയായിരുന്ന ശേഷം കോട്ടയം ഇടവക മെത്രാപ്പോലിത്തയായിതീർന്ന ഗീവറുഗീസ് മാർ ഇവാനിയോസ് തിരുമേനിയുടെ ശ്രമഫലമായി 1995 ൽ പള്ളി പൊളിച്ചുനീക്കി നവീന മാതൃകയിൽ പുതുക്കിപണിതു. 90 വീടുകളിൽ പെട്ട നാനൂറിൽ പരം ആളുകൾ



ഇതിലെ അംഗങ്ങളാണ്. പള്ളിയിലെ പട്ടക്കാർ റവ. ഫാ. കെ. എം. ഐസക്കും, റവ. ഫാ. റ്റി. വി. വറുഗീസും ആണ്.

*താഴത്തങ്ങാടി മാർ ബസേലിയോസ് ചാപ്പൽ*

ആലും മൂട്ടിൽ പാലത്തിന് തെക്കായി 1952 ൽ സ്ഥലം വാങ്ങി താല്ക്കാലിക ചാപ്പലായി ആരംഭിച്ചശേഷം അതിമനോഹരമായി പണിതീർത്ത് 31.12.1959 ൽ കൂദാശ ചെയ്തതാണ് ഈ ചാപ്പൽ. ഇവിടുത്തെ പെരുനാൾ ജനുവരി 1ന് ആഘോഷിക്കപ്പെടുന്നു.

## ഉപസംഹാരം

വി. ദൈവമാതാവിൻെറ നാമത്തിൽ 418 വർഷങ്ങൾക്ക് മുമ്പ് സ്ഥാപിതമായ ഈ പുരാതന ദേവാലയത്തിന് സഭാ ചരിത്രത്തിൽ സുവ്യക്തമായൊരു സ്ഥാനമുണ്ട്. എട്ടു നാടും കീർത്തികേട്ട പുതുപ്പള്ളി വലിയപള്ളി, ചെറിയപള്ളിക്കു ശേഷം 81 വർഷം കഴിഞ്ഞ് നിർമ്മിച്ചതാണ്. 1958 ലെ സഭാസമാധാനത്തിനു ശേഷം, 1964ൽ പരിശുദ്ധ ഇഗ്നാത്തിയോസ് യാക്കോബ് തൃതീയൻ പാത്രിയർക്കീസ് ബാവാ, പ. ഔഗൻ മാർ തിമോത്തിയോസ് കാതോലിക്കാ ബാവാ മുഖേന ലഭ്യമാക്കിയ വി. ദൈവമാതാവിൻെറ ഇടക്കെട്ട് ഈ പള്ളിയിൽ ഭക്തി പുരസരം സ്ഥാപിച്ചിട്ടുണ്ട്. പള്ളിയുടെ വികാരി റവ. ഫാ. റ്റി. എ. ജേക്കബ് ആണ്.

പള്ളിയുടെ മഹനീയ പാരമ്പര്യം കാത്തു സൂക്ഷിക്കുന്നതിനും, പള്ളി പ്രവർത്തനങ്ങൾ സുഗമമായി വിപുലീകരിക്കുന്നതിനും ഈ ഇടവക ദിനത്തിൽ നമുക്ക് പ്രതിജ്ഞയെടുക്കാം.

## ചെറിയപള്ളി ഇടവകദിന പബ്ളിസിറ്റി കമ്മിറ്റി

1. വെറി. റവ. ഇ. ജെ. തോമസ് - കോറെപ്പിസ് കോപ്പാ
2. റവ. ഫാ. റ്റി. എ. ജേക്കബ് (മാർബസേലിയോസ് ചാപ്പൽ വികാരി)
3. പി. റ്റി. പൗലൂസ് - (ട്രസ്റ്റി)
4. മാണി പി. ചെറിയാൻ, പാലത്ര
5. പി. സി. ചെറിയാൻ, പാലത്ര
6. കെ. സി. തോമസ്, കണ്ണമ്പള്ളി - സെക്രട്ടറി
7. കെ. ജെ. ലൂക്കോസ്, കുരിശും മൂട്ടിൽ - കൺവീനർ

ഇവരെ കൂടാതെ മറ്റ് ഇടവകദിന കമ്മിറ്റികളുടെ പ്രതിനിധികൾ താഴെപ്പറയുന്നവരാണ്.

ഫിനാൻസ് കമ്മിറ്റി - റവ. ഫാ. സി. ജെ. പുന്നൂസ് (കൺവീനർ) അബു. സി. ഏബ്രഹാം, ഐസക് തോമസ്, ജോർജ് കെ. വറുഗൂസ്, പെണ്ണമ്മ ജേക്കബ്

ഫുഡ് കമ്മിറ്റി - എം. സി കുരുവിള (കൺവീനർ), ഉതുപ്പ് കുര്യൻ, ജോയി ഇട്ടിച്ചെറിയ, ജേക്കബ് സി. നൈനാൻ, തോമസ് മാത്യു, മറിയാമ്മ മാത്യു, സാറാമ്മ കുരുവിള.

ആദ്യഫല കമ്മിറ്റി - കുരുവിള ആൻറൂസ് (കൺവീനർ), സി. സി. തോമസ്, കെ. റ്റി. ഏലിയാസ്, പ്രിൻസ് വറുഗീസ്, ബാബു വർക്കി,

സ്പോർട്സ് കമ്മിറ്റി - തോമസ് കുര്യൻ (കൺവീനർ), വി. ഐ. ഇട്ടിച്ചെറിയ, കെ. എം. വറുഗീസ്, സുരേഷ് മാത്യു, റോയി കെ. തോമസ് എന്നിവരാണ്. കൂടാതെ ഇടവകയിൽപ്പെട്ട എല്ലാ പള്ളികളിലേയും പട്ടക്കാർ എക്സ്ഓഫീഷ്യോസ് ആണ്.

ജനറൽ കൺവീനർ പള്ളിവികാരിയും, കൺവീനർ പള്ളിട്രസ്റ്റിയും, ഐസക് തോമസ്, ഫിലിപ്പ് കുരുവിള എന്നിവർ ജോയിൻറ് കൺവീനർമാരുമാണ്.